**പതിനാലാംകേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4550** **13-11-2019 ൽ മറുപടി**

## താത്ക്കാലിക പമ്പ് ഓപ്പറേറ്റർമാരുടെ വേതനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) | ജലവിഭവ വകുപ്പിന് കിഴിൽ ജോലി ചെയ്യുന്ന താൽക്കാലിക പമ്പ് ഓപ്പറേറ്റർമാരുടെ ദിവസ വേതനം എത്ര രൂപയാണ്; ഇവർക്ക് എത്ര മണിക്കൂറാണ് ഒരു ദിവസം ജോലി ചെയ്യേണ്ടത്; ഇവരുടെ ശമ്പളത്തിൽ നിന്നും ഏതെങ്കിലും തരത്തിൽ നികുതി ഇനത്തിൽ തുക പിടിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കേരള ജല അതോറിറ്റിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസക്കൂലി അടിസ്ഥാനത്തിൽ പമ്പ് ഓപ്പറേറ്റർമാരായി നിയമിക്കപ്പെടുന്നവർക്ക് 400 രൂപയാണ് നൽകി വരുന്നത്. ഓപ്പറേറ്റർമാർ നിലവിലില്ലാത്ത പമ്പ് ഹൗസുകളിൽ കരാറുകാർ മുഖേന പമ്പിങ് നടത്തിവരുന്നുണ്ട്. ഇതിനു കരാറുകാർക്ക് 8 മണിക്കൂറിന് 396 രൂപ നിരക്കിൽ നൽകിവരുന്നുണ്ട്. കരാറുകാർക്ക് തുക നൽകുമ്പോൾ 1% ആദായ നികുതിയും 1% KCWWF ലേയ്ക്കുള്ള വിഹിതവും പിടിക്കാറുണ്ട്. ജലസേചനവകുപ്പിൽ പമ്പ് ഓപ്പറേറ്റർമാർക്ക് (എച്ച്.ആർ/സി.എൽ.ആർ) 09/7/2019 ലെ സർക്കാർ ഉത്തരവ് നമ്പർ 81/2019/ധന പ്രകാരം അൺസ്കിൽഡിന് 660/- രൂപ സ്കിൽഡിന് 715/-രൂപ എന്നീ നിരക്കുകളിൽ ദിവസവേതനം നൽകുന്നു ഇവർ സീസൺ അനുസരിച്ച് ശരാശരി 8 മുതൽ 10 മണിക്കൂർ വരെയാണ് ഒരു ദിവസം പമ്പിംഗ് ജോലി ചെയ്യുന്നത്. ഇതിൽ നിന്ന് ഒരു തരത്തിലുള്ള നികുതിയും ഈടാക്കുന്നില്ല. |
| (ബി) | താത്ക്കാലിക പമ്പ് ഓപ്പറേറ്റർമാർക്ക് കൂലി കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് ഇവർക്ക് നൽകാനുള്ളത്; ഇത് നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (ബി) | കേരള ജല അതോറിറ്റിയിൽ കരാർ ജീവനക്കാരുടെ വേതന വിതരണം സുതാര്യമാക്കുവാൻ 2014 ഏപ്രിൽ മാസത്തിൽ "MARCH" (Monitoring Accounting & Reporting by Centralized HR System) എന്ന സോഫ്റ്റ് വെയർ നടപ്പിൽ വരുത്തി. അതിനു ശേഷം ഓരോ മാസത്തെയും കൂലി അടുത്ത മാസം തന്നെ നൽകുന്നുണ്ട്. 2014 ഏപ്രിൽ മാസത്തിനു മുന്നേ ഒരു മാസത്തെ കുടിശ്ശികയിട്ടാണ് ഫണ്ട് അനുവദിച്ചിരുന്നത്. ചില ഡിവിഷനുകളിൽ ഉണ്ടായ കുടിശ്ശിക തുക നൽകുന്നതിനു വേണ്ടി ഇന്റേണൽ ഓഡിറ്റ് വിഭാഗം പരിശോധന നടത്തുകയും അതു വഴി കൊടുത്തുതീർക്കേണ്ട തുകയിൽ വ്യക്തത വരുത്തുകയും ചെയ്തു. ഈ കുടിശ്ശിക തുക ഗഡുക്കളായി കൊടുത്തു തീർത്തു വരുന്നു ജലസേചനവകുപ്പിൽ 2019 മാർച്ച് മുതൽ ഒക്ടോബർ വരെ കൂലി കുടിശ്ശിക നൽകാനുണ്ട്. |
| (സി) | താത്ക്കാലിക പമ്പ് ഓപ്പറേറ്റർമാർ കരാറുകാരുടെ ചൂഷണം നേരിടേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേരള ജല അതോറിറ്റിയിൽ താത്ക്കാലിക പമ്പ് ഓപ്പറേറ്റർമാർ കരാറുകാരുടെ ചൂഷണം നേരിടേണ്ടി വരുന്നത് ശ്രദ്ധയിൽപെട്ടിട്ടില്ല ഇവർക്ക് ശമ്പളം നേരിട്ട് |

| | | | |
|---|---|---|---|
| | ഇവർക്ക് ശമ്പളം നേരിട്ട് ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | | ലഭ്യമാക്കുവാൻ നിലവിലെ സേവന വേതന വ്യവസ്ഥകൾ അനുവദിക്കുന്നില്ല. ജലസേചനവകുപ്പിൽ വേതനം നേരിട്ട് ബാങ്ക് വഴി അവരവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാൽ പമ്പ് ഓപ്പറേറ്റർമാരായി ജോലി ചെയ്യുന്ന എച്ച്.ആർ/സ്.എൽ.ആർ വർക്കർമാർ കരാറുകാരുടെ ചൂഷണം നേരിടേണ്ടി വരുന്നില്ല. |

**സെക്ഷൻ ഓഫീസർ**